File No.DMA4/499/2018-DMD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ദുരന്ത നിവാരണ വകുപ്പ് - കുമളി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഡംപിങ് യാർഡിൽ സൂക്ഷിച്ചിരുന്ന മാലിന്യം സ്വകാര്യ വ്യക്തിയുടെ കൃഷിയിടങ്ങളിൽ വ്യാപിച്ചത് നീക്കം ചെയ്യുന്നതിന് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ(എ) വകുപ്പ്

സ.ഉ.(സാധാ) നം.39/2019/DMD തീയതി,തിരുവനന്തപുരം, 17/01/2019

---

പരാമർശം:- ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.12.2018 തീയതികളിലെ 1966/സി6/ 2009/ എസ്.എം നമ്പർ കത്ത്

## ഉത്തരവ്

19.8.18 നുണ്ടായ കനത്ത മഴയെ തുടർന്ന് കുമളി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഡംപിങ് യാർഡിൽ സൂക്ഷിച്ചിരുന്ന മാലിന്യം സ്വകാര്യ വ്യക്തിയുടെ കൃഷിയിടങ്ങളിൽ വ്യാപിക്കുകയുണ്ടായെന്നും ഏകദേശം നാലായിരം ടൺ മാലിന്യമാണ് ഇവിടെ സൂക്ഷിച്ചിരുന്നതായി കണക്കാക്കിയിട്ടുള്ളതെന്നും ഇത് നീക്കം ചെയ്യുന്നതിന് ഏകദേശം 4,24,95,275/- രൂപയുടെ (നാല്പ കോടി ഇരുപത്തിനാല്പ ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി ഇരുനൂറ്റി എഴുപത്തി അഞ്ച് രൂപ ) പ്രൊപ്പോസൽ എൽഎസ്ജിഡി അസിസ്റ്റന്റ് എൻജിനീയർ തയാറാക്കി പഞ്ചായത്തിന് നൽകിയിരുന്നുവെന്നും, തരം തിരിച്ച ശേഷം ഉപയോഗിക്കാൻ കഴിയാത്ത മാലിന്യം അമ്പലമുകളിലുള്ള KEIL ന്റെ സാനിറ്ററി ലാൻഡ് ഫില്ലിൽ ശാസ്ത്രീയമായി സാംസ്കരിക്കുന്നതാണ് ഏറ്റവും അനുയോജ്യമായ മാർഗ്ഗം എന്നും ഇതിനായി വാഹന ചെലവുൾപ്പെടെ വരുന്ന പരമാവധി ചെലവ് 171.84 ലക്ഷം രൂപയാണെന്നു കണക്കാക്കിയിട്ടുണ്ടെന്നും പ്രസ്തുത തുക ദുരന്തനിവാരണ ഫണ്ടിൽ നിന്നും അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1)പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുമളി ഗ്രാമപഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഡംപിങ് യാർഡിൽ സൂക്ഷിച്ചിരുന്ന മാലിന്യം നീക്കം ചെയ്യുന്നതിന് 171.84 ലക്ഷം രൂപ "2245-02-101-94 F-Other Items" എന്ന ശീർഷകത്തിൽ നിന്ന് ഇടുക്കി ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു. കുമളി ഗ്രാമപഞ്ചായത്ത് ഇത് സംബന്ധിച്ച ബിൽ ജില്ലാകളക്ടർക്ക് സമർപ്പിക്കേണ്ടതും ജില്ലാകളക്ടർ തുക കേരള എൺവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് (KEIL) അനുവദിക്കേണ്ടതുമാണ്. കേരള എൺവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന് (KEIL), ആവശ്യപ്പെടുകയാണെങ്കിൽ 20% തുക അഡ്വാൻസായി കമ്പനിയ്ക്ക് അനുവദിക്കുന്നതിന് അനുമതി നല്കുന്നു. മാലിന്യ നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ അളവ് ശുചിത്വമിഷൻ ഡയറക്ടർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം കൂടി ലഭ്യമാക്കിയതിന് ശേഷം ജില്ലാകളക്ടർ തുക അനുവദിക്കേണ്ടതാണ്. മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഡംപിങ്

Scanned by CamScanner

യാർഡിന് സ്ഥലം തെരഞ്ഞെടുത്തിരിക്കുന്നത് ശാസ്ത്രീയമായ മാനദണ്ഡ പ്രകാരമല്ല എന്നതിനാൽ അടുത്ത മൺസൂണിന് മുൻപായി (ജൂൺ 2019ന് മുൻപായി)മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഡംപിങ് യാർഡിന് അനുയോജ്യമായ സ്ഥലം പഞ്ചായത്ത് കണ്ടെത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**അണ്ടർ സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാകളക്ടർ, ഇടുക്കി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ,നന്ദൻകോട് ജംഗ്ഷൻ, കവടിയാർ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള എൺവിറോ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (KEIL) Inside FACT-CD ക്യാംമ്പസ്, അമ്പലമുകൾ, എറണാകുളം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്)(എ & ഇ), കേരള, തിരുവനന്തപുരം

ജില്ലാട്രഷറി ഓഫീസർ , മലപ്പുറം

അക്കൗണ്ടന്റ് ജനറൽ ബ്രാഞ്ച് ഓഫീസ്, കോട്ടയം

സെക്രട്ടറി, കുമിളി ഗ്രാമപഞ്ചായത്ത്, ഇടുക്കി

തദ്ദേശസ്വയംഭരണ വകുപ്പ്(LSGD-DC1/461/2018- LSGD)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :-

റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിക്ക്

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Scanned by CamScanner